**Malayala Manorama**

**28 August 2018**

**Alappuzha, After Flood, Road Reconstruction**

# റോഡ് പുനർനിർമാണം: ചട്ടങ്ങൾ മാറ്റുന്നത് ആലോചനയിലെന്ന് മന്ത്രി സുധാകരൻ

## ആലപ്പുഴ– ചങ്ങനാശേരി റോഡ് ഉയർത്തി നിർമിക്കാനും നടപടി

ആലപ്പുഴ ● പ്രളയത്തിനു ശേഷം റോഡുകളുടെ പുനർനിർമാണം വേഗത്തിലാക്കാൻ ചട്ടങ്ങൾ പരിഷ്കരിക്കുന്നത് ആലോചനയിലുണ്ടെന്നു മന്ത്രി ജി. സുധാകരൻ. ഇക്കാര്യം മുഖ്യമന്ത്രിയുമായും ധനമന്ത്രിയുമായും നാളെ ചർച്ച ചെയ്യും.

ഇപ്പോഴുള്ള ചട്ടങ്ങൾക്കു പിന്നാലെ പോയാൽ വേഗത്തിലുള്ള പുനർനിർമാണം സാധിക്കില്ല. ടെൻഡർ തുറക്കാൻ തന്നെ 21 ദിവസം വേണ്ടിവരും. പിന്നെയും നടപടികളുണ്ട്. എടുക്കാൻ ആളില്ലെങ്കിൽ വീണ്ടും ടെൻഡർ ചെയ്യണം. ഇത്തരം നടപടികൾ തന്നെ രണ്ടു മാസം വരെ നീളും. ഇതിനൊക്കെ ഒരാഴ്ച മതി. പക്ഷേ, ചട്ടങ്ങളാണു തടസ്സം.

ചില പ്രവൃത്തികൾ ക്വട്ടേഷൻ ഇല്ലാതെ അനുവദിക്കേണ്ടിവരും. എന്നാൽ, ഗുണനിലവാരത്തിലും സാമ്പത്തിക കാര്യങ്ങളിലും വിട്ടുവീഴ്ചയുണ്ടാവില്ല. അടിയന്തര സാഹചര്യം നേരിടാൻ പറ്റിയ ചട്ടങ്ങളല്ല ഇപ്പോഴുള്ളത്. പണി വൈകിക്കാൻ കഴിയുന്ന ഒട്ടേറെ പഴുതുകളുണ്ട്.

കെഎസ്ടിപിയുടെ കീഴിലുള്ള റോഡുകൾക്കു പുറമേ മറ്റു റോഡുകൾ പുനർനിർമിക്കാനും ലോക ബാങ്ക് സഹായിച്ചേക്കുമെന്നും മന്ത്രി പറഞ്ഞു. കഴിഞ്ഞ ദിവസം മരാമത്ത് ഉദ്യോഗസ്ഥർ ചെന്നൈയിൽ ലോക ബാങ്ക് അധികൃതരുമായി നടത്തിയ ചർച്ചയിലാണ് ഇക്കാര്യം അറിയിച്ചത്.

ആലപ്പുഴ - ചങ്ങനാശേരി റോഡ് (എസി) ഉയർത്തി നിർമിക്കും. വെള്ളമിറങ്ങിയാൽ അടിയന്തര അറ്റകുറ്റപ്പണി നടത്താൻ ഏഴു കോടി രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്.